# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5894 — 09.07.2012 ൽ - മറുപടിക്ക്

## എ. പി. എൽ. റേഷൻ കാർഡ് ബി. പി. എൽ. ആക്കി മാറ്റുന്നതിന് നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ബി. പി. എൽ. സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ലഭിച്ച എ.പി.എൽ. റേഷൻ കാർഡുകൾ മാറ്റി ലഭിക്കുന്നതിന് ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്; എന്തെല്ലാം രേഖകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്; | (എ) | ബി.പി.എൽ. സർവേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് തങ്ങളുടെ എ.പി.എൽ. റേഷൻ കാർഡുകൾ മാറ്റി ബി.പി.എൽ. കാർഡുകൾ ലഭിക്കുന്നതിലേക്ക് അതാത് ജില്ലാ കളക്ടർമാർക്കാണ് (5-11-11 ലെ 38/11/ഭ.സി.സ.വ. നമ്പർ ഉത്തരവ് പ്രകാരം) അപേക്ഷ സമർപ്പിക്കേണ്ടത്. പുതിയ ബി.പി.എൽ. ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ അന്വേഷണം നടത്തി അർഹരായവർക്ക് കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അപേക്ഷയോടൊപ്പം രേഖകൾ ഹാജരാക്കണമെന്ന് ടി സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ല. |
| (ബി) | എത്ര സമയത്തിനുള്ളിൽ കാർഡ് മാറ്റി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | അർഹതയ്ക്ക് അനുസരിച്ച് ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാ ക്രമം അനുസരിച്ച് മാറ്റി നൽകുന്നതാണ്. ഇതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ